നിയമ
സംസ്കാര
കേന്ദ്രത്തിന്റെ
ജനനീതി

വാല്യം : 10 ◆ ലക്കം : 9 ◆ സെപ്തംബർ 2003 ◆ വരിസംഖ്യ – ആയുഷ്കാലം : 500 ക. ◆ കോപ്പി : 2.00 ക.

## പണിമുടക്കാനുള്ള അവകാശം: സുപ്രീം കോടതിവിധി അന്ത്യവിധിയാകരുത്

അഡ്വ. ജോർജ് പുലികുത്തിയിൽ

'തമിഴ്നാട് സർക്കാരിനെതിരെ ടി.കെ. രംഗരാജൻ' എന്ന കേസിൽ 2003 ആഗസ്റ്റ് 6ന് സുപ്രീം കോടതി പുറപ്പെടുവിച്ച വിധി മനുഷ്യാവകാശങ്ങളുടെ 'കൊലക്കയർ' ആകാൻ അനുവദിക്കരുത്. ആഗോളവൽക്കരണം എത്രത്തോളം നമ്മുടെ സ്ഥാപനങ്ങളെയും വ്യവസ്ഥിതികളെയും നൈതിക സങ്കല്പങ്ങളെയും കീഴ്പെടുത്തിയിരിക്കുന്നുവെന്നതിന് ഇതിനപ്പുറം മറ്റൊരു തെളിവ് തേടേണ്ടതില്ല. ഇന്ത്യയുടെ അറ്റോർണി ജനറലും ലോക പ്രശസ്ത നിയമപണ്ഡിതനുമായ സോളി സൊറാബ്ജി അഭിപ്രായപ്പെട്ടതുപോലെ, സുപ്രീം കോടതി മേല്പറഞ്ഞ വിധിയിലൂടെ ഈ രാജ്യത്തിന്റെ നീതി-ധർമ്മ-ബോധ മണ്ഡലങ്ങളെ മാത്രമല്ല ഞെട്ടിച്ചത്, ചിന്തിക്കാൻപോലും കഴിയാത്ത അകലങ്ങളിലേയ്ക്ക് അനേക തലമുറകളുടെ രക്തത്തിന്റെയും ജീവന്റേയും വിലയായി നേടിയെടുത്ത അവകാശബോധത്തെ എടുത്തെറിയുകകൂടി ചെയ്തിരിക്കുന്നു.

രണ്ടുകാര്യങ്ങളാണ് സുപ്രീം കോടതിയുടെ പരിഗണനയ്ക്ക് വന്നത് (1) പണിമുടക്കിയതിന്റെ പേരിൽ എസ്മ/ടെസ്മ ഉപയോഗിച്ച് തമിഴ്നാട് ഗവൺമെന്റ് പിരിച്ചുവിട്ട 1,70,000 സർക്കാർ ജീവനക്കാരെ ജോലിയിൽ തിരിച്ചെടുക്കുക; (2) ഭരണഘടനാപരമായി പണിമുടക്കിലേർപ്പെടാൻ തൊഴിലാളിക്ക് അവകാശമുണ്ടോ എന്ന് പരിശോധിക്കുക. സർക്കാരിനോട് വളരെ മൃദുവായ സമീപനം കൈക്കൊണ്ട കോടതി ഭൂരിപക്ഷം തൊഴിലാളികളെയും ജോലിയിൽ തിരിച്ചെടുക്കുന്നതിന് സർക്കാരിന് മേൽ പ്രേരണ ചെലുത്തിയെന്നത് ശരിതന്നെ. പക്ഷെ, പ്രത്യുപകാരമായി കോടതി സർക്കാരിന് സമർപ്പിച്ചത് തൊഴിലാളികളുടെ

➠ പേജ് 3



# കൊഴുക്കുന്ന വാഗമൺ ടൂറിസവും ഒഴുക്കുനിൽക്കുന്ന പുഴകളും

ഡോ. ജോമി അഗസ്റ്റിൻ

മറ്റ് രാജ്യങ്ങളിൽ കാണപ്പെടുന്ന വിശാലമായ പുൽമേടുകളെപ്പോലെയല്ല തെക്കേ ഇന്ത്യയിലെ പുൽമേടുകൾ. ജൈവവൈവിധ്യം കൂടുതലുള്ളതാണ് ഇവിടെയുള്ളത്. ആയിരക്കണക്കിന് വർഷങ്ങൾ കൂടുമ്പോൾ പ്രകൃത്യാ വ്യതിയാനം വന്നുകൊണ്ടിരിക്കുന്ന ഈ പുൽമേടുകളിൽ സസ്യജന്തുതരങ്ങളുടെ പരിണാമം താരതമ്യേന ശീഘ്രഗതിയാകുന്നതാണ് ഇതിന് കാരണം. അത്തരത്തിലുള്ള ഒരു പുൽമേട്-വനസമുച്ചയമാണ് വാഗമണിൽ ദർശിക്കുവാൻ സാധിക്കുന്നത്. ഇടുക്കി, കോട്ടയം ജില്ലകളുടെ സംഗമസ്ഥാനവും കോട്ടയം ജില്ലയിലെ ഏറ്റവും ഉയർന്ന സ്ഥലവുമാണ് ഈ മലനാട്. 19-ാം നൂറ്റാണ്ടിന്റെ അവസാനത്തിലും 20-ാം നൂറ്റാണ്ടിന്റെ ആരംഭത്തിലുമായി മൂന്നാറും പീരുമേടും കേന്ദ്രീകരിച്ച് 35 തേയിലത്തോട്ടങ്ങൾ ഉയർന്നുവന്നിട്ടുണ്ട്. അതിവേഗം ജൈവദരിദ്രമായി മാറിപ്പോയി ഈ തോട്ടങ്ങൾ. അത്തരത്തിലുള്ള തോട്ടങ്ങളാണ് വാഗമണിലുള്ളത്. എങ്കിലും അവിടവിടെയായി ബാക്കിനിൽക്കുന്ന പുൽമേടുകളിലും മലമടക്കുകളിലുമായി ഇന്നും അമൂല്യജൈവസമ്പത്ത് ശേഷിക്കുന്നുണ്ട്. മറ്റ് പ്രദേശങ്ങളിൽ നിന്നും ഒറ്റപ്പെട്ട് ഒരു തുരുത്തിന്റെ സ്വഭാവം കൈവന്നിരിക്കുന്ന ഈ ചെറിയ പ്രദേശം (12,500 ഹെക്ടർ) ഇവിടെ അവസാന അഭയസ്ഥാനം (Last Refuge) കണ്ടെത്തിയിരിക്കുന്ന അപൂർവ്വസസ്യങ്ങളുടെയും ജന്തുക്കളുടേയും ഡെത്ത്ട്രാപ്പ് (മരണക്കെണി) ആയി മാറിക്കൊണ്ടിരിക്കുകയാണ്. വികസനപ്രവർത്തനങ്ങളും ജനപ്പെരുപ്പം മൂലമുണ്ടായ കാടുവെട്ടിപ്പിടിക്കലും മൂലം പല തുണ്ടുകളായി ഛിന്നഭിന്നമാക്കപ്പെട്ടുപോയി സഹ്യപർവ്വതനിരകളിലെ വനപ്രദേശങ്ങൾ. ഒരു കാലത്ത് ഈ മലനിരകളിൽ അങ്ങോളമിങ്ങോളം കാണപ്പെട്ടുകൊണ്ടിരുന്ന പല സസ്യങ്ങളും ജന്തുക്കളും ചിലസ്ഥലങ്ങളിൽ മാത്രം, അതും വിരളമായി, കാണപ്പെടുന്നവയായി (എൻഡമിക്)ത്തീർന്നു. ഇപ്പോൾ ഈ അപൂർവ്വ സസ്യങ്ങളും ജന്തുക്കളും കാണപ്പെടുന്ന സ്ഥലങ്ങളൊക്കെയും അവയുടെ അവസാന അഭയ



സ്ഥാനങ്ങളാണ്.

2000-ൽ നടന്ന ഒരു പഠനം തെളിയിക്കുന്നത് സഹ്യപർവ്വതനിരകളിലെ കാടുകളിൽ 25.6 ശതമാനത്തോളം കഴിഞ്ഞ നൂറ്റാണ്ടിന്റെ അവസാനഭാഗം നടന്ന വികസനപ്രവർത്തനങ്ങൾ മൂലം നഷ്ടപ്പെട്ടുപോയി എന്നാണ് ( Curr. Sci. 79(2):231) റവന്യൂ വനങ്ങൾ മറ്റ് ആവശ്യങ്ങൾക്ക് വിട്ടുകൊടുക്കുന്നത് ഈ നഷ്ടത്തിന് ഒരു വലിയ കാരണമായി ചൂണ്ടിക്കാണിക്കപ്പെടുന്നു. ഒന്നുമുതൽ മൂന്ന് കോടിയോളം വരുന്ന ലോകത്താകമാനമുള്ള സസ്യജന്തുക്കളുടെ 10 ശതമാനത്തോളം വംശനാശഭീഷണിയിലാണെന്ന് അന്തർദ്ദേശീയ പ്രകൃതിവിഭവ സംരക്ഷണയൂണിയൻ നിർണയിച്ചിട്ടുണ്ട്. സഹ്യപർവ്വതത്തിലെ ജൈവവൈവിധ്യവും ഇതിന് ഒരു അപവാദമല്ല. സംരക്ഷിതവനങ്ങളിൽ ഇവയിൽ ഏറിയ പങ്കും സംരക്ഷിക്കപ്പെടുന്നുണ്ടെങ്കിലും റവന്യൂവനങ്ങളിൽ കാണപ്പെടുന്നവ ഇവിടെ നടക്കുന്ന വികസനനിർമ്മാണപ്രവർത്തനങ്ങൾ മൂലം അതിവേഗം അന്യം നിന്നുപോകുന്നു. വികസനവും ടൂറിസവും പോലെയുള്ള മനുഷ്യന്റെ തോന്ന്യാസങ്ങൾ മുഴുവനും കാണിക്കുവാനുള്ള സ്ഥലങ്ങളായി മാറുന്ന റവന്യൂവനങ്ങൾ അവിടെ അവസാന അഭയസ്ഥാനം കണ്ടെത്തിയിരിക്കുന്ന അപൂർവ്വസസ്യങ്ങളുടേയും ജന്തുക്കളുടേയും ഡെത്ത് ട്രാപ്പ് (മരക്കെണി) തന്നെയാണ്. ഹൈറേഞ്ചിലെ ജൈവസമ്പന്നമായ പാദമുടി (Foot hills) കളിലൊന്നാണ് വാഗമൺ മലനിരകൾ. കാറ്റിന്റെ ഗതിയും ഭൂമിയുടെ ചരിവും മണ്ണിന്റെ ഘടനയും അനുസരിച്ച് ഓരോ പാദമുടികളിലും പ്രത്യേകം പ്രത്യേകം ജൈവവൈവിധ്യവും ജൈവവ്യവസ്ഥയുമാണുള്ളത്. തേയിലത്തോട്ടങ്ങൾ ഒരു നല്ലപങ്കു കൈയ്യടക്കിയെങ്കിലും ബാക്കി നിൽക്കുന്ന പുൽമേടുകളും ചരിവുകളിൽ കാണപ്പെടുന്ന വനങ്ങളും ഇന്നും ജൈവസമ്പന്നമാണ്. ഏറ്റവും കൂടുതൽ മഴപെയ്യുന്നതും മഴവെള്ളം മണ്ണിലേക്കിറങ്ങുന്നതും മിക്കവാറും പുഴകൾ ജൻമമെടുക്കുന്നതും പുൽമേടുകളിലാണ് ഹൈറേഞ്ചിൽ നിന്നും ഉത്ഭവിക്കുന്ന രണ്ട് പ്രധാനനദികൾ - മീനച്ചിലാറും പെരിയാറും! മിക്കവാറും മാസങ്ങളിൽ വെള്ളമുള്ളതായി കാണപ്പെടുന്നത് വാഗമൺ പോലെയുള്ള പുൽമേടുകളുടെ സാന്നിദ്ധ്യം കൊണ്ട് മാത്രമാണ്. ഒരു നദിയുടെ വൃഷ്ടിപ്രദേശം ആ നദി കടന്നുപോകുന്ന, ആ നദി ധന്യമാക്കുന്ന നാടിന്റെ, സമ്പത്താണ്. വൃഷ്ടിപ്രദേശങ്ങളിൽ തനതു ജൈവാവസ്ഥ നിലനിർത്തേണ്ടത് അവിടെ ഉത്ഭവിക്കുന്ന നദിയുടെയും അതുമൂലം ധന്യമാക്കപ്പെട്ട താഴ്‌വരയുടെയും നിലനിൽപിന് അത്യാവശ്യമാണ്. പെരിയാറിലെയും മീനച്ചിലാറിലേയും നീരൊഴുക്കിനെ നല്ലൊരു പങ്കുവരെ സ്വാധീനിക്കുന്ന വാഗമൺ പ്രദേശം, പ്രത്യേകിച്ചും പുൽമേടുകൾ, പരിസ്ഥിതിയെ സംബന്ധിച്ച് ഒരു പഠനവും നടത്താതെ കുറെ ഹോട്ടൽ വ്യവസായികൾക്ക് വിൽക്കുക എന്നത് ഇനിയുള്ള തലമുറകളുടെ ശാപമേൽക്കേണ്ടിവരുന്ന വസ്തുതയാണ്.

തരിശുഭൂമിയാണ് എന്ന കാരണം പറഞ്ഞാണ് ഹൈറേഞ്ചിലെ വാഗമൺ ഉൾപ്പെടെയുള്ള പലസ്ഥലങ്ങളും വിനോദസഞ്ചാരവികസനത്തിന് വിട്ടുകൊടുത്തിട്ടുള്ളത്. ഹൈറേഞ്ചിൽ ഒരിടത്തും തരിശുഭൂമിയില്ല. അഥവാ ഒരു സ്ഥലം തരിശാണെങ്കിൽ അത് മനുഷ്യന്റെ പ്രവൃത്തികൾ മൂലം തരിശായി മാറിയതാണ്.

വാഗമണിലെ ടൂറിസം വികസനത്തിനു വേണ്ടി 5 ശതമാനം സ്ഥലത്തുമാത്രമേ വികസനനിർമ്മാണപ്രവർത്തനങ്ങൾ നടത്തുവാൻ അനുവദിക്കുകയുള്ളു എന്ന് അധികാരികളും തല്പരകക്ഷികളും പറയുമായിരിക്കും. പക്ഷേ ഇരിക്കാൻ അനുവദിച്ചാൽ തലയിൽത്തന്നെ ഇരിക്കുന്ന സ്വഭാവമാണ് നമുക്കുള്ളത്. 1940 -കളിൽ 86000 ഹെക്ടർ സ്ഥലത്ത് ഹൈറേഞ്ചിൽ ഏലകൃഷിയുണ്ടായിരുന്നത് അല്പം മറ്റ് കൃഷികളും കൂടി അനുവദിച്ചതിന്റെ പേരിൽ എന്താണ് സംഭവിച്ചതെന്ന് നമുക്കറിയാവുന്നതാണ്. 30000 ഹെക്ടറിൽ താഴെ മാത്രമേ ഏലമലക്കാടുകളിൽ (Cardamom Hill Reserve) ഇപ്പോൾ ഏലകൃഷിയുള്ളു. തണൽ അധികമാണെങ്കിൽ ഏലത്തോട്ടങ്ങളിലെ മരങ്ങൾ അവിടവിടെ മുറിച്ചുമാറ്റാം എന്ന് സ്പൈസസ് ബോർഡ് നിർദ്ദേശിച്ചതിന്റെ ഫലമായി കൊള്ളാവുന്ന തടികൾ മുഴുവനും വെട്ടിയെടുത്ത തോട്ടമുടമകളും ഹൈറേഞ്ചിലുണ്ട്. കടുത്തവേനലിൽ ഏലം കരിയുന്നതു കണ്ട അവരൊക്കെയും തോട്ടങ്ങളിൽ കാട്ടുമരങ്ങൾ വച്ചുപിടിപ്പിക്കുവാൻ തുടങ്ങിയിട്ടുണ്ട്. പക്ഷെ ഒരു ദിവസം കൊണ്ട് വെട്ടിവെളുപ്പിച്ച ഏലത്തോട്ടങ്ങളിൽ എത്രയോ വർഷങ്ങൾ വേണ്ടിവരും തനതുകാലാവസ്ഥയോട് സാമ്യമെങ്കിലുമുള്ള ഒന്ന് തിരിച്ചുവരുവാൻ. ഹൈറേഞ്ചിലെ പല സ്ഥലങ്ങളും ഒരു കാലാവസ്ഥാ പുനർനിർമ്മാണം സാദ്ധ്യമല്ലാത്ത രീതിയിൽ നശിപ്പിക്കപ്പെട്ടുപോയി. ഇതിലും ഭയാനകമാണ് പ്രകൃതിയെ ഒട്ടും മനസിലാക്കാതെയും മനസിലാക്കിയാൽ തന്നെ അമിതമായ പണക്കൊതി മൂലം തീരെ അവഗണിക്കുകയും ചെയ്യുന്ന ഒരു വിഭാഗം വിനോദസഞ്ചാര വികസനപ്രവർത്തകർക്ക് വാഗമൺ പോലെ ജൈവസമ്പന്നമായ ഒരു പ്രദേശം വിട്ടുകൊടുത്താൽ സംഭവിക്കുവാൻ പോകുന്നത്. സ്പർശനാഘാതം (untouched) പോലുമേൽക്കാത്ത പ്രകൃതിഭംഗി നിറഞ്ഞ മലനിരകൾ എന്ന് പറഞ്ഞാണ് വാഗമണിലേക്ക് പല ഹോട്ടൽ വ്യവസായികളെയും ആകർഷിച്ചിട്ടുള്ളത്.

വാഗമൺ മലനിരകളിൽ നിന്നും 800-ൽ പരം സസ്യതരങ്ങളെ ഇതിനകം തന്നെ കണ്ടെത്തിയിട്ടുണ്ട്. അതിൽ 22 എണ്ണം വംശനാശഭീഷണിയെ നേരിടുന്നവ എന്ന വിഭാഗത്തിൽപെടുന്നു. നാലെണ്ണം വംശനാശം വന്നിരിക്കുന്നു എന്ന് ശാസ്ത്രജ്ഞർ ഭയപ്പെടുന്നവയാണ്. സഹ്യപർവ്വതത്തിൽ കാണപ്പെടുന്ന 5000 തരത്തിലുള്ള സസ്യങ്ങളിൽ 2000 സസ്യങ്ങൾ ഇവിടെ മാത്രം കാണപ്പെടുന്നവയാണ്. (Endemics). അതായത് ലോകത്ത് മറ്റൊരിടത്തും കാണാത്ത 2000 തരത്തിൽപെട്ട സൂക്ഷ്മകാലാവസ്ഥ (Microclimates) കൾ സഹ്യപർവ്വതത്തിൽ ഉണ്ടെന്ന് സാരം. വാഗമൺ മലനിരകളും ഇങ്ങിനെയുള്ള കുറെ സൂക്ഷ്മകാലാവസ്ഥകളുടെ ഈറ്റില്ലംത്തന്നെയാണ്. പ്രകൃതിവിരുദ്ധനിർമ്മാണപ്രവർത്തനങ്ങൾ വന്നുകഴിയുമ്പോൾ ആദ്യം തകരുന്നത് ഈ സൂക്ഷ്മകാലാവസ്ഥകളാണ്. അത് പിന്നീട് ജൈവവ്യവസ്ഥയേയും കാലാവസ്ഥയേയും സാരമായി ബാധിക്കും.

നാം നിശ്ചയിക്കുന്നതുപോലെ വഴങ്ങിത്തരുന്ന ഒന്നല്ല ഒരു നാടിന്റേയും ജൈവവ്യവസ്ഥ. കേടുവരുമ്പോഴൊക്കെ നന്നാക്കുവാൻ സാധിക്കുന്ന ഒരു യന്ത്രവുമല്ല അത്. ഒരിക്കൽ ഈ ജൈവവ്യവസ്ഥതകർന്നാൽ, അല്ലെങ്കിൽ സാരമായ വ്യതിയാനം സംഭവിച്ചാൽ പിന്നീട് ഒരിക്കലും അതിനെ പൂർവ്വാവസ്ഥയിലേയ്ക്ക് തിരി



ച്ചുകൊണ്ടുവരുവാൻ സാധിക്കുകയില്ല. സംരക്ഷിക്കപ്പെടേണ്ട ഒരു സ്രോതസിനെ സംരക്ഷിക്കേണ്ടത് അത് നശിച്ചു കഴിഞ്ഞല്ല. ഒരു വസ്തു നാശത്തിന്റെ വക്കിലെത്തിക്കഴിഞ്ഞാണ് നാം സാധാരണ അതിന്റെ സംരക്ഷണത്തേക്കുറിച്ച് ബോധവാൻമാരാകുന്നത്. പിന്നീട് നാം നടത്തുന്ന ഗവേഷണപദ്ധതികൾ കൊണ്ടും സംരക്ഷണശ്രമങ്ങൾ കൊണ്ടും ഫലമുണ്ടാവാറില്ല. ജൈവസാങ്കേതികവിദ്യവഴി ഏതാനും സസ്യങ്ങളുടെ കുറെ കോശങ്ങൾ കുറെ നാൾ സംരക്ഷിക്കുവാൻ സാധിക്കുമായിരിക്കും പക്ഷേ നമുക്ക് നഷ്ടപ്പെട്ടുകൊണ്ടിരിക്കുന്ന ജൈവവ്യവസ്ഥയെ ഒരു ടെസ്റ്റ് ട്യൂബിലും പുനഃസൃഷ്ടിക്കുവാൻ ഭൂവിടങ്ങൾ അങ്ങിനെതന്നെ സംരക്ഷിക്കപ്പെടണം. ടൂറിസം എവിടെയുണ്ടോ അവിടെയൊക്കെ പിൽക്കാലത്ത് പ്രതിവിധി കാണാനാവാത്തതരത്തിലുള്ള പാരിസ്ഥിതികപ്രശ്നങ്ങളുമുണ്ട്. പലതും പഴയ അവസ്ഥയിലേയ്ക്ക് തിരിച്ചുകൊണ്ടുവരുവാൻ സാധിക്കാത്ത രീതിയിൽ തകർന്നുപോയതുമാണ്.

വിനോദസഞ്ചാരികൾ അത്യാവശ്യം കണ്ടിരിക്കേണ്ട ലോകത്തിലെ 10-ാമത്തെ സ്ഥലമാണ് വാഗമൺ മലകൾ എന്ന് ചില അന്തർദേശീയ മാദ്ധ്യമങ്ങൾ (നാഷണൽ ജിയോഗ്രാഫിക്) വിലയിരുത്തി. ഇതിൽനിന്നും ഈ മലനിരകൾ മുഴുവനും സ്വദേശത്തുനിന്നും വിദേശത്തുനിന്നും വരുന്ന വിനോദസഞ്ചാരികൾക്ക് സൗകര്യങ്ങളൊരുക്കുവാൻ വേണ്ടി കോൺക്രീറ്റ് കെട്ടിടങ്ങൾ നിർമ്മിക്കണമെന്നല്ല നാം മനസ്സിലാക്കേണ്ടിയത്. വാഗമണിന്റെ സൗന്ദര്യം മറ്റ് സ്ഥലങ്ങൾക്കില്ല. അതുകൊണ്ട് അത് പ്രത്യേകം സംരക്ഷിക്കപ്പെടേണ്ടതാണ് എന്നാണ് മനസ്സിലാക്കേണ്ടത്. പ്രകൃതിയെ, അതിന്റെ സമ്പത്തിനേയും സൗന്ദര്യത്തേയും കയ്യേറ്റങ്ങളും മറ്റ് നിർമ്മാണ പ്രവർത്തനങ്ങളും നടത്താതെ സംരക്ഷിക്കണം എന്നാണ് ഇങ്ങനെ ഒരു വിലയിരുത്തൽ നടത്തിയവർ ഉദ്ദേശിച്ചതും. ലോകത്തിലെ പ്രകൃതിസൗന്ദര്യം വികൃതമാക്കപ്പെട്ട നശിപ്പിക്കപ്പെട്ട, സ്ഥലങ്ങളിലൊന്നാമത്തേതാണ് വാഗമൺ എന്ന് ഒരു ദിവസം നാഷണൽ ജിയോഗ്രാഫിക് തിരുത്തിപ്പറയാതിരിക്കട്ടെ. ■

## സ്വതന്ത്രരാവണം, പക്ഷെ....

**എ.ബി. പ്രസാദ്**

**കേ**രളത്തിൽ ഇന്ന് നടപ്പിലുള്ള IT @ School പദ്ധതിയിൽ മൈക്രോസോഫ്റ്റ് പോലുള്ള കുത്തക ഭീമമൻമാരെ ഒഴിച്ചു നിർത്തണം എന്ന ആവശ്യം പലയിടത്തു നിന്നും ഉയർന്നുകൊണ്ടിരിക്കുന്നു. പകരം സ്വതന്ത്ര സോഫ്റ്റെയർ ഉപയോഗിക്കണം എന്നാണ് അവർ ആവശ്യപ്പെടുന്നത്. IT @ School നോട് താരതമ്യപ്പെടുത്താനാവുന്ന ഒരു പദ്ധതിയായിരുന്നു മെക്സിക്കോയിൽ നടപ്പിൽ വരുത്താൻ ശ്രമിച്ച Red Escolar (സ്ക്കൂൾ നെറ്റ്വർക്ക്.) ഇവിടുത്തെപ്പോലെ ഒരു ആവശ്യം അവിടെയും ശക്തവുകയുണ്ടായി. തൽഫലമായി Red Escolar പദ്ധതിയിൽ സ്വതന്ത്ര സോഫ്റ്റ് വെയറുകൾ മാത്രം പ്രാമുഖ്യം നൽകി. എന്നാൽ ലൈസൻസ് ഫീ മാത്രമല്ല കണക്കിലെടുക്കേണ്ടത് എന്ന് മനസ്സിലാക്കുവാൻ അവർക്ക് ഏറെ കാത്തിരിക്കേണ്ടിവന്നില്ല. വേണ്ടത്ര തയ്യാറെടുപ്പുകൾ ഇല്ലാതിരുന്നതും ആവശ്യത്തിനുള്ള വിദഗ്ദരെ കണ്ടെത്താൻ സാധിക്കാത്തതും അവരെ ഏറെ ബുദ്ധിമുട്ടിച്ചു. സ്വതന്ത്രസോഫ്റ്റ് വെയർ കാശില്ലാതെ ലഭിക്കും എന്ന ധാരണയിൽ അവർ ലാബ് നിർമ്മിക്കുന്നതിലേക്കും അറ്റകുറ്റപണികൾക്കും സോഫ്റ്റ്വെയർ ഇനത്തിൽ തുകയൊന്നും തന്നെ നീക്കിവെച്ചില്ല. പക്ഷെ സ്വതന്ത്രസോഫ്റ്റ് വെയറുകൾക്ക് ഗാരണ്ടിയോ മെയിന്റനൻസ് വാറന്റിയോ ഇല്ല എന്ന കാര്യം ശ്രദ്ധയിൽ പെട്ടില്ല. ഇതിന്റെയെല്ലാം ഫലമായി അവർക്ക് ഈ പദ്ധതിയിൽ നിന്നും പിൻമാറേണ്ടി വന്നു. രാജ്യത്തെ സോഫ്റ്റ് വെയർ വിദ്യാഭ്യാസ നിലവാരത്തെ ഇത് കാര്യമായി ബാധിച്ചു. ഇത്തരുണത്തിൽ നമ്മൾ ഒരു എടുത്തു ചാട്ടം ഒഴിവാക്കേണ്ടതുണ്ട്. സ്വതന്ത്ര സോഫ്റ്റ്വെയർ എന്തുകൊണ്ടും നല്ലതും വിദ്യാഭ്യാസ പദ്ധതിക്ക് ഏറ്റവും അനുയോജ്യമായതും തന്നെയാണ്. എന്നാൽ പാഠ്യ പദ്ധതിയിൽ ഉൾപ്പെടുന്നതിന് മുൻപ് വേണ്ടത്ര പരിശീലനം ലഭിച്ച ആളുകളെ തയ്യാറാക്കുവാനാകണം. മാത്രമല്ല സോഫ്റ്റ്വെയർ മെയ്ന്റനെൻസിന് പദ്ധതി ചെലവിൽ വക കണ്ടെത്തുകയും വേണം. IT @ School മറ്റൊരു DPEP ആകരുത്. എത്ര നല്ലതായാലും വേണ്ടവണ്ണം നടപ്പിൽ വരുത്തിയില്ലെങ്കിൽ ദ്രോഹമേ ചെയ്യൂ. ■

പേജ് 1 ➠

സമ്പൂർണ്ണ വിധേയത്വമാണ്. സമസ്താപരാധങ്ങളും ഏറ്റുപറഞ്ഞ് മാപ്പുചോദിച്ചതുകൂടാതെ, ഇനിയൊരിക്കലും സമരമാർഗം സ്വീകരിക്കില്ലെന്ന് സർക്കാരിന് തൊഴിലാളിയെക്കൊണ്ട് എഴുതിക്കൊടുപ്പിക്കാനും കോടതി മറന്നില്ല. സർക്കാരിന് വേണ്ടി ടിപ്പണി ചെയ്യുകയല്ലല്ലോ സർവ്വോന്നത നീതിപീഠത്തിന്റെ ധർമ്മം. 6072 തൊഴിലാളികളെ ഒരു കാരണത്താലും ജോലിയിൽ തിരിച്ചെടുക്കില്ല എന്ന സർക്കാർ നിലപാടിനോട് കോടതി യോജിക്കുകയും ചെയ്തു. നിഷ്പക്ഷമായ അന്വേഷണങ്ങൾ കൂടാതെ സർക്കാർ റിപ്പോർട്ടുകളെ മാത്രം അടിസ്ഥാനപ്പെടുത്തി ഇപ്രകാരമുള്ളൊരു വിധിയിൽ കോടതി എത്തിച്ചേർന്നത് നീതി നിഷേധമായി.

സർക്കാർ ജീവനക്കാർക്ക് സമരം ചെയ്യുന്നതിന് ധാർമ്മികമോ നൈതികമോ ആയ അവകാശങ്ങളില്ല എന്ന കോടതിയുടെ കണ്ടെത്തൽ അതീവ ഗുരുതരമായ പ്രത്യാഘാതങ്ങൾ ഉളവാക്കും. കഴിഞ്ഞ 56 വർഷത്തിനിടെ ഇന്ത്യ കൈവരിച്ച പൗരാവകാശങ്ങളുടെ നിഷേധവും പ്രാകൃതാവസ്ഥയിലേയ്ക്കുള്ള തിരിച്ചുപോക്കുമാണ് ഈ വിധിയുടെ സാമൂഹ്യഫലം. തൊഴിലാളികളുടെ വർഗപരമായ നിലനില്പിനും ന്യായമായ അവകാശങ്ങൾക്കും വേണ്ടി സംഘടിക്കുന്നതിനും തർക്കിക്കുന്നതിനും സമ്മർദ്ദതന്ത്രങ്ങൾ ആവിഷ്ക്കരിക്കുന്നതിനുമുള്ള സ്വാതന്ത്ര്യം അവരുടെ ഭരണഘടനാപരമായ അവകാശമാണ്. ജനാധിപത്യത്തിൽ സമരമെന്നത് അവകാശ സംരക്ഷണത്തിന്റെ ഭാഗമാണ്. അത് നിഷേധിക്കുന്ന കോടതി ഈ രാജ്യത്തിന്റെ ജനാധിപത്യഘടനയെതന്നെയാണ് കടപുഴക്കിയെറിയുന്നത്.

സമ്മിശ്രവികാരങ്ങളോടെയാണ് സുപ്രീം കോടതി വിധിയെ ജനങ്ങൾ സ്വീകരിച്ചത് എന്ന് തുടർന്നുള്ള ദിനങ്ങളിലെ മാധ്യമ പ്രതികരണങ്ങളിൽ നിന്ന് മനസ്സിലാക്കാം. ഒന്നുകൂടി അതിൽനിന്നും വ്യക്തമാകുന്നുണ്ട്. ആരുടെ താല്പര്യങ്ങളാണ് പരമോന്നത കോടതി സംരക്ഷിക്കുന്നതെന്നും. ■

സമൂഹത്തിൽ നിലനിൽക്കുന്ന സ്ത്രീ-പുരുഷാസമത്വങ്ങളുടെ രൂക്ഷമായ പ്രതിഫലനം പോലീസ് സേനയിലും നിലനിൽക്കുന്നു എന്ന് തിരിച്ചറിഞ്ഞ് പ്രതികരിച്ച വിനയ 2003 ജൂൺ 13-ാം തിയ്യതി മുതൽ സർവ്വീസിലില്ല. സ്ത്രീ വിവേചനത്തിനെതിരെ ഹൈക്കോടതി ഉൾപ്പെടെ വിവിധ അധികാര സ്ഥാനങ്ങളിൽ വിനയ എതിർപ്പുയർത്തിയിരിക്കുന്നു. പോലീസ് സേനയിലെ സ്ത്രീ വിവേചനത്തിനെതിരെ കണ്ണൂരിൽ നടന്ന പോലീസ് മീറ്റിൽ പ്രതികരിച്ചതാണ് ഇപ്പോഴത്തെ നടപടിക്ക് കാരണം. വിനയയുടെ പ്രതികരണങ്ങൾ വിവേചനങ്ങൾ നിലനിൽക്കുന്നു എന്ന സത്യത്തിന്റെ ഓർമ്മപ്പെടുത്തലാണ്. ലിംഗസമത്വം അടിസ്ഥാനപ്രമാണമായ ഭരണകൂടം പോലീസ് സംവിധാനത്തിൽ നിലനിൽക്കുന്ന സ്ത്രീ- പുരുഷവിവേചനങ്ങൾ അവസാനിപ്പിക്കണം.

**അവതരിപ്പിച്ചത് : കെ. ആർ. ഇന്ദിര**

സാമൂഹിക പുരോഗതിക്ക് സ്ത്രീകളുടെ കർമ്മശേഷി പ്രയോജനപ്പെടുത്തണമെന്നും അധികാരങ്ങളുടെ പങ്കിടലിൽ സ്ത്രീക്ക് അർഹമായ സ്ഥാനം നൽകേണ്ടതാണെന്നും ഇന്ത്യാ ഗവൺമെന്റ് 2001 ൽ അംഗീകരിച്ച ദേശീയ വനിതാശാക്തീകരണ നയത്തിൽ പറയുന്നുണ്ട്. പാർലിമെന്റിൽ നിരവധി തവണ അവതരണ സാധ്യതകൾ ആരാഞ്ഞ വനിത സംവരണ ബിൽ ഇപ്പോഴും രാഷ്ട്രീയ പാർട്ടികളുടെ ആൺകോയ്മാമനോഭാവത്താൽ ചർച്ചക്കെടുത്തിട്ടില്ല. സമവായത്തിന്റെ മേഖലകൾക്കായി ബില്ലിൽ കാതലായ മാറ്റങ്ങളാണ് രാഷ്ട്രീയ കക്ഷികൾ ആവശ്യപ്പെടുന്നത്. ഒരേ മണ്ഡലത്തിൽ നിന്ന് സ്ത്രീയും പുരുഷനും ഉൾപ്പെടെ ഇരട്ട പ്രാതിനിധ്യവും, 2001 ലെ സെൻസസ് കണക്കിലെടുത്ത് സീറ്റുകൾ വർദ്ധിപ്പിക്കുക എന്നീ നിർദ്ദേശങ്ങളാണ് ഇപ്പോഴത്തെ പരിഗണനയിലുള്ളതെന്നറിയുന്നു. സമത്വസിദ്ധാന്തത്തിന്റെ സാക്ഷാത്കാരത്തിനായി സ്ത്രീകൾക്ക് പ്രത്യേക അവസരങ്ങൾ നല്കാൻ ജനാധിപത്യ ഭരണകൂടത്തിന് ബാധ്യതയുണ്ട്. സമൂഹത്തിൽ ഇപ്പോഴും നിലനിൽക്കുന്ന അസമ അധികാര ബന്ധങ്ങൾക്കും ആ അവസ്ഥയിൽ നിന്നുണ്ടാകുന്ന നീതിനിഷേധങ്ങൾക്കും രാഷ്ട്രീയ പരിഹാരം എന്ന നിലയിൽ വനിതാസംവരണ ബിൽ സമത്വസിദ്ധാന്തത്തിന് ചേർന്നവിധത്തിൽ നിയമമാകണം. ഒരേ മണ്ഡലത്തിലെ ഇരട്ട പ്രാതിനിധ്യമെന്ന ആശയം സ്ത്രീയുടെ രണ്ടാംനിര സ്ഥാനം വീണ്ടും ഉറപ്പിക്കാനേ ഉതകൂ. പാർലിമെന്റിലെ അംഗസംഖ്യയുടെ നിയതമായ ശതമാനം എന്ന ആശയം അടിസ്ഥാനമാക്കി വനിതാ സംവരണബിൽ നടപ്പാക്കേണ്ടതാണ്.

**അവതരിപ്പിച്ചത് :**
**അഡ്വ. ജാസ്മിൻ ജോസഫ്**

ഇന്ത്യയിൽ നിലവിലുള്ള ക്രിമിനൽ നടപടി ക്രമങ്ങളുടെ പരിഷ്കരണത്തിനായി നിയുക്തമായിരുന്ന ജസ്റ്റിസ് മളിമഠ് കമ്മിറ്റി മുന്നോട്ട് വച്ചിരിക്കുന്ന നിർദ്ദേശങ്ങൾ ജനനീതി സവിസ്തരം പഠിക്കുകയുണ്ടായി. ജസ്റ്റിസ് മളിമഠ് കമ്മിറ്റിയുടെ സോദ്ദേശപരമായ ലക്ഷ്യങ്ങളെ ആദരിക്കുന്നതോടൊപ്പം, ക്രിമിനൽ നീതിവ്യവസ്ഥയിൽ കമ്മിറ്റി നിർദ്ദേശിക്കുന്ന ഭേദഗതികൾ അധികാരത്തിന്റെ ദുർവിനിയോഗത്തെ വളർത്തുന്നതിനും കോടതികളാൽ അധികാര കേന്ദ്രീകരണം വിനാശകരമാം വിധം വർദ്ധിക്കുന്നതിനും വിന്യസിപ്പിക്കുന്നതിനും ഉതകുന്നതും ആണെന്ന് ഞങ്ങൾ ആശങ്കപ്പെടുന്നു. ബഹുഭൂരിപക്ഷം ജനങ്ങളും മതിയായ വിദ്യാഭ്യാസം തേടാൻ കഴിയാത്ത ഈ രാജ്യത്ത്, ദുർബ്ബലരും ദുർഭഗരും അസംഘടിതരുമായ ജനങ്ങളെ അവർ ചെയ്യാത്ത തെറ്റുകളുടെ ഭാരം അവരുടെ മേൽ കെട്ടിവെച്ച് ചെയ്യാത്ത തെറ്റിന് അവരെ ശിക്ഷിക്കുന്ന സാഹചര്യം സൃഷ്ടിക്കാൻ മളിമഠ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ വഴിയൊരുക്കുമെന്ന് ഞങ്ങൾ ഭയപ്പെടുന്നു. അതിനാൽ ജസ്റ്റിസ് മളിമഠ് കമ്മിറ്റിയുടെ നിർദ്ദേശങ്ങളോട് രാജ്യത്തിന്റെയും ലോകത്തിന്റെ തന്നെയും വിവിധകേന്ദ്രങ്ങളിൽ നിന്നുണ്ടായിട്ടുള്ള പ്രതികരണങ്ങളെയും തുല്യപ്രധാനത്തോടെ പരിഗണിച്ചും ഭേദഗതികൾ അംഗീകരിച്ചും , കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ മുഴുവൻ ജനത്തിന്റെയും നിർദ്ദേശങ്ങളാകുംവിധം രാജ്യത്ത് സമവായം സൃഷ്ടിച്ചും മളിമഠ് കമ്മിറ്റിയുടെ നിർദ്ദേശങ്ങൾ തിരുത്തിയെഴുതണമെന്ന് കേന്ദ്ര ഗവൺമെന്റിനോടും ജസ്റ്റിസ് മളിമഠ് കമ്മിറ്റിയോടും ജനനീതി അഭ്യർത്ഥിക്കുന്നു.

**അവതരിപ്പിച്ചത് :**
**ബിജോ ഫ്രാൻസീസ്**

പാലക്കാട് ജില്ലയിൽ പ്ലാച്ചിമടയിൽ പ്രവർത്തിച്ചുവരുന്നതും സമീപഗ്രാമങ്ങളിലെ കുടിവെള്ളം, ഭൂഗർഭ ജലസ്രോതസ്സുകൾ, കൃഷിയിടങ്ങൾ എന്നിവയ്ക്ക് വൻനാശം വിതയ്ക്കുകയും ചെയ്ത അന്താരാഷ്ട്ര കുത്തകക്കമ്പനിയായ കൊക്കോകോളാ കമ്പനിയുടെ അംഗീകാരം ഇന്ന് കേരളത്തിലെ രാഷ്ട്രീയ കമ്പോളത്തിലെ ഒരു കച്ചവട ചരക്കാണ്. വിനാശകാരിയായി ഈ കമ്പനി നിലവിൽ വരാനും നിലനിൽക്കാനും ഭരണത്തിലിരുന്നവരും ഭരണത്തിലിരിക്കുന്നവരും ഒരു പോലെ ഉത്തരവാദികളാണ്. കമ്പനി ഉല്പാദിപ്പിക്കുന്ന വിഷപദാർത്ഥങ്ങളെപ്പറ്റിയും പരിസ്ഥിതി നാശത്തെക്കുറിച്ചും മനുഷ്യാവകാശ ലംഘനങ്ങളെക്കുറിച്ചും 2002 ഫെബ്രുവരിയിൽ തന്നെ ജനനീതി റിപ്പോർട്ട് ചെയ്തിരുന്നതാണ്. ജനനീതിയുടെ റിപ്പോർട്ട് ശ്രദ്ധയിൽപ്പെട്ട ബി.ബി.സി. കൂടുതൽ അന്വേഷണങ്ങൾ നടത്തുകയും വിഷയം ലോകശ്രദ്ധയിൽ പെടുത്തുകയും ചെയ്തപ്പോൾ ഭരണകർത്താക്കൾക്ക് ഇനിയും ഒളിച്ചുകളിക്കാൻ കഴിയാത്ത സാഹചര്യം നിലവിൽ വന്നിരിക്കുന്നു. ഫാക്ടറിയെ രക്ഷിക്കാനുള്ള ബദ്ധപ്പാടിലാണ് വ്യവസായവകുപ്പും, മലിനീകരണനിയന്ത്രണബോർഡും തദ്ദേശസ്വയംഭരണ വകുപ്പും. എന്നാൽ നിരവധി വർഷങ്ങൾ ഒരുനാടിനെയും ജനതയെയും നാണ്യവിളകളെയും ചൂഷണം ചെയ്തും മുടിപ്പിച്ചും മുരടിപ്പിച്ചും കൊള്ളലാഭം കൊയ്ത കൊക്കോ കോളാ ഭീകരനെ പരിക്കേൽക്കാതെ പുതിയ മേച്ചിൽ പുറങ്ങളിലേയ്ക്ക് മാറ്റിപാർപ്പിക്കാനുള്ള തല്പരകക്ഷികളുടെ തന്ത്രപരമായ നീക്കങ്ങൾ കൂടിയായി നിലവിലുള്ള കോലാഹലങ്ങളെ ജനനീതി വിലയിരുത്തുന്നു. രണ്ടുവർഷത്തോളമായി നിത്യവൃത്തിയ്ക്കായുള്ള കൂലിപ്പണികൾ കൂടി ഉപേക്ഷിച്ച് ഫാക്ടറിക്ക് മുമ്പിൽ സമരംചെയ്തും പ്രതിരോധിച്ചും ജീവിതം പൊലിഞ്ഞുപോയ നൂറുകണക്കിന് പട്ടിണിപ്പാവങ്ങൾ കോളാ കമ്പനിക്ക് ചുറ്റുമുണ്ട്. കമ്പനി ഉല്പാദിപ്പിച്ച വിഷാംശങ്ങൾ മൂലം കാർഷികവിളകളും നാണ്യവിളകളും നശിച്ചവരുമുണ്ട്. ജലസ്രോതസ്സുകൾ വരണ്ടുപോവുകയും കിണറുകളിൽ ജലം ഉപയോഗശൂന്യമാവുകയും ചെയ്തതു മൂലം ജീവിതം നരകതുല്യമായവരാണ് പരിസരവാസികളായ ഗ്രാമീണർ.

കോളാ ഫാക്ടറി മൂലം ഉണ്ടായ ഇത്തരം ഭീമ നഷ്ടങ്ങൾക്ക് തക്കതായ നഷ്ടപരിഹാരം നല്കാതെ കോളാ ഫാക്ടറി പ്ലാച്ചിമട വിടാൻ അനുവദിച്ചുകൂടാത്തതാണ്.

ഈ സാഹചര്യത്തിൽ ഉടനടി കമ്പനിയുടെ പ്രവർത്തനങ്ങൾ നിറുത്തിവെച്ച്, നഷ്ടപരിഹാരത്തിനുള്ള നടപടി ആരംഭിക്കണമെന്ന് കേരളസർക്കാരിനോട് ജനനീതി ആവശ്യപ്പെടുന്നു.

**അവതരിപ്പിച്ചത് :**
**എൻ. എൻ. ഗോകുൽദാസ്**

ക്രൂരവും മനുഷ്യത്വരഹിതവുമായ പീഢനങ്ങളും ശിക്ഷകളും അരുതെന്ന് 1984-ലെ കൺവെൻഷനിലൂടെ ഐക്യരാഷ്ട്രസഭ ആവശ്യപ്പെടുന്നുണ്ട്. ഇന്ത്യ കൺവെൻഷനെ അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പക്ഷെ ഇന്ത്യ ഇനിയും ഒരു നിയമനിർമ്മാണം വഴി കൺവെൻഷന് ഔദ്യോ

# മ്മേളനം : പ്രമേയങ്ങൾ

ഗികമായ സാധുത നല്കിയിട്ടില്ല. അക്കാരണത്താൽ ഇന്ത്യയിൽ പ്രതിദിനം നൂറുകണക്കിനാളുകൾ പോലീസ് കസ്റ്റഡിയിൽ കൊല്ലപ്പെടുകയോ, അപ്രത്യക്ഷരാകുകയോ ചെയ്യുന്നു. ആയിരക്കണക്കിനാളുകൾ അതിദാരുണമാംവിധം പീഡിപ്പിക്കപ്പെടുകയും വിചാരണകൂടാതെ തുറുങ്കിലടക്കപ്പെടുകയും, നരകീയ യാതനകൾക്കിരയാക്കപ്പെടുകയും ചെയ്യുന്നു. 'ഔദ്യോഗിക കൃത്യനിർവ്വഹണ' മെന്ന കനത്ത ആവരണത്തിനുള്ളിൽ അത്തരം ഗുരുതരങ്ങളായ കുറ്റകൃത്യങ്ങൾ നീതികരിക്കപ്പെടുകയോ യാദൃശ്ചികങ്ങളായി എഴുതിത്തള്ളപ്പെടുകയോ ആണ് സംഭവിക്കുക. നിലവിലുള്ള ക്രിമിനൽ നടപടിക്രമങ്ങൾ അനുസരിച്ച്, പോലീസ് അതിക്രമങ്ങൾക്കെതിരെ പ്രതീക്ഷിക്കാവുന്ന പരമാവധി നടപടി പോലീസ് ഡിപ്പാർട്ട്മെന്റ് വഴിയുള്ള അന്വേഷണമാണ്. പോലീസിനെതിരെ പോലീസ് അന്വേഷിക്കുന്നതിന്റെ അനൗചിത്യം എടുത്തുപറയേണ്ടതില്ല.

ആയതിനാൽ നിർദോഷികളും അസംഘടിതരുമായ ജനങ്ങളുടെ ജീവന്റെയും മാനത്തിന്റെയും സ്വത്തിന്റെയും സംരക്ഷണം, ഭരണകൂടത്തിന്റെ ഭരണഘടനാപരമായ ബാധ്യതയായി അംഗീകരിച്ചുകൊണ്ട്, യുക്തമായ നിയമനിർമ്മാണത്തിലൂടെ, ഔദ്യോഗിക അധികാരം ദുരുപയോഗിച്ചുകൊണ്ടുള്ള നീചവും ക്രൂരവും മനുഷ്യത്വരഹിതവുമായ പീഡനങ്ങളെയും ശിക്ഷകളെയും ശിക്ഷാർഹങ്ങളായ കുറ്റകൃത്യങ്ങളായി പ്രഖ്യാപിച്ച് നടപടികൾ കൈക്കൊള്ളണമെന്ന് കേന്ദ്രസംസ്ഥാന ഗവൺമെന്റുകളോട് ജനനീതി അഭ്യർത്ഥിക്കുന്നു.

**അവതരിപ്പിച്ചത് :**

**പി. എൻ. ഗോപീകൃഷ്ണൻ**

കാണുന്നത്. ഭീഷണിയും സമ്മർദ്ദങ്ങളും രാഷ്ട്രീയ അധികാരവും ഉപയോഗിച്ച് ഭരണകൂടവും രാഷ്ട്രീയകാപാലികരും മതഭീകരവാദികളും ചേർന്ന് കളങ്കപ്പെടുത്തിയ ഇന്ത്യയുടെ നൈതിക മനസാക്ഷിയെ ശുദ്ധീകരിച്ചെടുക്കാൻ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സ്വീകരിച്ച ധീരവും അവസരോചിതവും മൂല്യാധിഷ്ഠിതവും ആയ നടപടിയെ ജനനീതി പിന്തുണയ്ക്കുകയും, ശ്ലാഘിക്കുകയും ദേശീയ മനുഷ്യാവകാശ കമ്മീഷൻ അംഗങ്ങളെ മുക്തകണ്ഠം അഭിനന്ദിക്കുകയും ചെയ്യുന്നു.

സമൂഹവും ഭരണകൂടവും നീതിനിർവ്വഹിക്കാൻ പരാജയപ്പെടുന്നിടത്ത് ജനങ്ങൾക്കുള്ള ഏക അവലംബം കോടതിയും നിയമവ്യവസ്ഥയുമാണ്. അതും കൂടി വികലമാക്കിയും വെടക്കാക്കിയും ഈ രാജ്യത്തെ മഹത്തായ സംസ്ക്കാരത്തെയും ചരിത്രത്തെയും കുരുതി കഴിക്കാൻ ഭരണകൂടത്തിന്റെ പിൻതുണയോടെ ചിലവിഭാഗീയ ചിന്താഗതിക്കാർ ശ്രമിക്കുന്നത് എതിർക്കപ്പെടേണ്ടതും അപലപിക്കപ്പെടേണ്ടതുമാണ് എന്ന് ജനനീതി കരുതുന്നു.

**അവതരിപ്പിച്ചത് : സെബി ജെ. പുല്ലേലി**

ണ്ടിരിക്കുന്നത്.

സ്വാശ്രയ വിദ്യാഭ്യാസ സ്ഥാപനങ്ങളെ വെറും വ്യവസായ സ്ഥാപനങ്ങളായി മാത്രം കാണുകയും ന്യൂനപക്ഷാവകാശങ്ങളുടെ ആനുകൂല്യങ്ങൾ അവയ്ക്ക് അനുവദിക്കാതിരിക്കുകയും കർക്കശങ്ങളായ സർക്കാർ നിയന്ത്രണങ്ങൾക്കുകീഴിൽ അത്തരം സ്ഥാപനങ്ങളെ കൊണ്ടുവരികയും ചെയ്യേണ്ടത് നാടിന്റെ ഭാവിയ്ക്കും, ഭാവിയുടെ ക്ഷേമത്തിനും, വിവിധ സമുദായങ്ങൾക്കിടയിലുള്ള ശാശ്വതമായ സൗഹാർദ്ദതയ്ക്കും ആവശ്യമാണെന്ന് ജനനീതി വിശ്വസിക്കുന്നു. ഇക്കാര്യത്തിൽ ഉചിതമായ നടപടികൾ കേരള ഗവൺമെന്റിന്റെ പക്ഷത്തുനന്നും അടിയന്തിരമായി ഉണ്ടാകണമെന്ന് ജനനീതി ആവശ്യപ്പെടുന്നു.

**അവതരിപ്പിച്ചത് : എം. പി. ആന്റണി**

പ്രമാദമായ ബെസ്റ്റ് ബേക്കറി കേസിൽ മുഴുവൻ പ്രതികളെയും വെറുതെ വിട്ടുകൊണ്ടുള്ള ഗുജറാത്ത് മജിസ്ട്രേറ്റ് കോടതിവിധിയുടെ പശ്ചാത്തലത്തിൽ ദേശീയ മനുഷ്യാവകാശ കമ്മീഷൻ സുപ്രീം കോടതിയിൽ കേസ് ഫയൽ ചെയ്തിരിക്കുന്നു. ഈ കേസും ഗുജറാത്ത് കൂട്ടക്കുരുതിയുമായി ബന്ധപ്പെട്ട മറ്റുചിലകേസുകളും നീതിനിർവ്വഹണത്തിന്റെ പൂർത്തീകരണത്തിനുവേണ്ടി ഗുജറാത്തിനു പുറത്ത് വിസ്തരിക്കണമെന്നും ദേശീയ മനുഷ്യാവകാശ കമ്മീഷൻ സുപ്രീം കോടതിയിൽ സമർപ്പിച്ച അപേക്ഷയിൽ പറയുന്നു. മനുഷ്യാവകാശ കമ്മീഷന്റെ ഈ മഹത്തായ നടപടിക്കെതിരെ ബി.ജെ.പി.യും സംഘപരിവാറും വിശ്വഹിന്ദുപരിഷത്തും നിശിതമായ വിമർശനവുമായി രംഗത്ത് വന്നിട്ടുണ്ട്.

ഇന്ത്യൻ നീതി വ്യവസ്ഥയുടെയും ധാർമ്മിക മൂല്യങ്ങളുടെയും സംസ്കാരത്തിന്റെയും ഏറ്റവും പ്രഫുല്ലമായ ഒരു നടപടിയായിട്ടാണ് ദേശീയ മനുഷ്യാവകാശ കമ്മീഷന്റെ നടപടിയെ ജനനീതി

സ്വാശ്രയമെന്ന വിശേഷണത്തോടെ സ്വകാര്യമേഖലയിൽ വൻതോതിൽ മെഡിക്കൽ കോളേജുകളും എഞ്ചിനീയറിംഗ് സ്ഥാപനങ്ങളും മറ്റ് ഉന്നത വിദ്യാപീഠങ്ങളും സ്ഥാപിച്ച് അമിതമായി ധനസമാഹരണം നടത്തുന്ന വ്യക്തികളും സംഘടനകളും സ്ഥാപനങ്ങളും അടുത്തകാലത്ത് കേരളത്തിൽ വർദ്ധിച്ചിരിക്കുന്നു. ഇക്കൂട്ടത്തിൽ വലിയൊരുശതമാനം ജന്മംകൊണ്ട് ന്യൂനപക്ഷ സമുദായത്തിൽ പെട്ടവരായതിനാൽ ഭരണഘടനയിൽ ന്യൂനപക്ഷങ്ങൾക്കനുവദിച്ചിരിക്കുന്ന മുഴുവൻ ആനുകൂല്യങ്ങളും പണത്തിന്റെ കരുത്തും മറ്റ് സമ്മർദ്ദ തന്ത്രങ്ങളും ഉപയോഗിച്ച് അവർ നേടിയെടുക്കുന്നു. ഇവർക്കും ന്യൂനപക്ഷ സമുദായങ്ങളിലെ കോടിക്കണക്കിന് ദരിദ്രരും അസംഘടിതരുമായ ജനതയ്ക്കും തമ്മിൽ യാതൊരു ബന്ധവുമില്ലെന്ന സത്യം ഏവർക്കും അറിവുള്ളതുമാണ്. അധികാരത്തിലേറാനും അധികാരം നിലനിർത്താനും വിരുദ്ധതാല്പര്യക്കാരായ ചെറുകിട പാർട്ടികളെ കൂടെനിർത്താൻ വേണ്ടിയുള്ള മാറിമാറിവരുന്ന സർക്കാരുകളുടെ ജനവിരുദ്ധങ്ങളായപ്രീണന നയങ്ങളുടെ ദുരന്തഫലങ്ങളാണ് ആരോഗ്യരംഗത്തും വിദ്യാഭ്യാസരംഗത്തും കണ്ടുകൊ

ആദിവാസികൾക്ക് ഭൂമിയെന്നാൽ കൃഷിയിടം മാത്രമല്ല. അവരുടെ സ്വത്വത്തിന്റെ അവിഭാജ്യഘടകമാണ് ഭൂമി. കേരളത്തിന്റെ വിവിധ കേന്ദ്രങ്ങളിൽ ആദിവാസികൾ ഭൂമിയുടെ ഉടമകളും സ്വന്തം കൃഷിയിടത്തിൽ സസുഖം ജീവിക്കുന്നവരും ആകുമ്പോൾ വയനാട്ടിലെ ആദിവാസികൾ തങ്ങൾക്കുണ്ടായിരുന്നവകൂടി നഷ്ടപ്പെട്ട്, അനാദിവാസികളാൽ കബളിക്കപ്പെട്ടും, ചൂഷണത്തിനിരയായും അടിമകളായി കഴിയേണ്ട സ്ഥിതിയാണുള്ളത്. ഭരണഘടനപരമായ തങ്ങളുടെ അവകാശങ്ങൾക്കുവേണ്ടിയുള്ള ആദിവാസികളുടെ പോരാട്ടം അവരുടെതന്നെ ആത്മബലിയിൽ എത്തിനില്ക്കുന്നു. രാഷ്ട്രീയ ഇച്ഛാശക്തിയുടെ അഭാവം മൂലവും മനുഷ്യാവകാശങ്ങളോടുള്ള അലംഭാവം കൊണ്ടും ആദിവാസി ഭൂമി പ്രശ്നം ഇന്നും വാഗ്ദാനങ്ങളിൽ മാത്രം ഒതുങ്ങുന്നതാണ് നാം കണ്ടുകൊണ്ടിരിക്കുന്നത്. മാറാടും സ്വാശ്രയ സ്ഥാപനങ്ങളും മറ്റു പലയിനം രാഷ്ട്രീയകരിഞ്ചന്തകളും കൊഴുക്കുമ്പോൾ ഭരണകൂടവും മാധ്യമങ്ങളും പൊതുസമൂഹവും പലതും മറക്കാൻ കാരണമാകുന്നു. ആദിവാസി ഭൂമിപ്രശ്നവും ഇത്തരമൊരു വിസ്മൃതിയിലാണ്ടതായി ജനനീതി ആശങ്കപ്പെടുന്നു. മുഴുവൻ ആദിവാസികൾക്കും ഭൂമിയും, അത് മുൻകാലങ്ങളിലേപ്പോലെ വീണ്ടും അന്യാധീനപ്പെടാതിരിക്കാനുള്ള കരുതൽ നടപടികളും അതിവേഗം ഉണ്ടാകണമെന്ന് ജനനീതി കേരള സർക്കാരിനോട് അഭ്യർത്ഥിക്കുന്നു.

**അവതരിപ്പിച്ചത് : പി. എ. ഷാൻ**

# സ്ത്രീ പീഡനത്തിനും വിവേചനത്തിനുമെതിരെ

## ആംനെസ്റ്റി ഇന്റർനാഷണലിന്റെ ശുപാർശകൾ

**– കഴിഞ്ഞലക്കം തുടർച്ച**

### 6. വിചാരണത്തടവിലെ പീഡനത്തിനെതിരെയുള്ള സംരക്ഷണം



- വിചാരണത്തടവിലിരിക്കുന്ന സ്ത്രീകൾക്കു നേരെയുള്ള ബലാൽക്കാരവും ലൈംഗികാതിക്രമങ്ങളും എല്ലായ്പ്പോഴും പീഡനവും അവമതികളും നിറഞ്ഞതാണെന്ന് ഭരണകൂടം വ്യക്തവും പരസ്യവുമായി മനസ്സിലാക്കേണ്ടതുണ്ട്. അത്തരം പ്രവൃത്തികളോട് ഭരണകൂടം സഹിഷ്ണുത വച്ചുപുലർത്താൻ പാടുള്ളതല്ല. ലൈംഗികമായി അപമാനിക്കൽ എന്നതിൽ ഭീഷണികൾ, കന്യാപരിശോധന, ആലിംഗനം, കരുതിക്കൂട്ടിയുള്ള ശരീരപരിശോധന, ലൈംഗികാതിപ്രസരമുള്ള ഭാഷയുടെ ഉപയോഗം വഴിയുള്ള തരംതാഴ്ത്തലും നിന്ദനവും -ഇതെല്ലാം ഉൾപ്പെടുന്നു.
- അത്തരം മനുഷ്യാവകാശലംഘനങ്ങൾ ചെയ്യുന്നവരെ കൃത്യമായി നിയമത്തിനുമുന്നിൽ ഹാജരാക്കുകയും കുറ്റക്കാരനെങ്കിൽ കുറ്റകൃത്യത്തിന്റെ ഗൗരവമനുസരിച്ചുള്ള ശിക്ഷ അഭിമുഖീകരിക്കേണ്ടി വരുമെന്നും പട്ടാള, പോലീസ്, ജയിൽ മേധാവികളെ പ്രത്യേകമായി അറിയിക്കുക. (എങ്കിലും അത്തരം ശിക്ഷകളിൽനിന്ന് ജീവപര്യന്തം തടവോ വധശിക്ഷയോ ഒഴിവാക്കേണ്ടതുണ്ട്.)
- സ്ത്രീ കരുതൽ തടവുകാരേയും സ്ത്രീ ജയിൽപ്പുള്ളികളേയും പുരുഷ കരുതൽ തടവുകാരിൽ നിന്നും പുരുഷ ജയിൽപ്പുള്ളികളിൽനിന്നും വേറെ പാർപ്പിക്കേണ്ടതാണ്. അവർക്ക് പൊതുവായല്ലാതെ വെവ്വേറെ കുളിമുറി, കക്കൂസ്, സൗകര്യങ്ങൾ അനുവദിക്കേണ്ടതാണ്. (ജയിൽപ്പുള്ളികളെ പരിപാലിക്കുന്നതിന് ഐക്യരാഷ്ട്ര സഭ പ്രഖ്യാപിച്ചിട്ടുള്ള അടിസ്ഥാന സൗകര്യങ്ങൾ ഉള്ളവയായിരിക്കണം അവ) സ്ത്രീകളെയും പുരുഷന്മാരെയും വെവ്വേറെ താമസിപ്പിക്കുക തുടങ്ങിയ നിയമങ്ങളെക്കുറിച്ചുള്ള ജയിൽ അധികൃതരുടെ അറിവില്ലായ്മയെയും സ്ത്രീ കരുതൽ തടവുകാർക്കെതിരെയുള്ള പീഡനത്തിന് തത്തുല്യമായി കണക്കാക്കേണ്ടതാണ്.
- ഐക്യരാഷ്ട്രസഭയുടെ ഏറ്റവും ചുരുങ്ങിയ അടിസ്ഥാന സൗകര്യനിയമം 53 അനുസരിച്ച് സ്ത്രീ കരുതൽ തടവുകാരെ ചോദ്യം ചെയ്യുമ്പോൾ വനിതാ പോലീസ് സംരക്ഷണം ആവശ്യമാണ്. മാത്രമല്ല, അവരുടെ ശരീര പരിശോധന നടത്തുന്നത് വനിതാ പോലീസ് തന്നെയായിരിക്കണം. വനിതാ കാവൽക്കാരുടെ സാന്നിദ്ധ്യത്തിലല്ലാതെ പുരുഷ കാവൽക്കാരും സ്ത്രീതടവുകാരും തമ്മിൽ കൂടിക്കാഴ്ച നടത്താൻ പാടുള്ളതല്ല.
- മാതാവിനേയും കുഞ്ഞിനേയും ഒരുമിച്ച് ജയിലടയ്ക്കുന്നത് രണ്ടിലാർക്കെങ്കിലും മാനസികമോ ശാരീരികമോ ആയ പീഡനം ഉണ്ടാക്കത്തക്കവിധത്തിൽ അക്രമമോ മോശപ്പെട്ട പെരുമാറ്റമോ നടത്തുന്നതിനായിരിക്കരുത്. ഒരു കുഞ്ഞ്, ജയിലിൽ അമ്മയെപ്പിരിഞ്ഞാൽ, അമ്മയെ ഉടൻതന്നെ വിവരമറിയിക്കേണ്ടതും കുട്ടിയുടെ സ്ഥലകാലങ്ങളെപ്പറ്റി നിരന്തരം അമ്മയെ അറിയിച്ചുകൊണ്ടിരിക്കേണ്ടതുമാണ്. മാതാവിന് കുട്ടിയ്ക്കുമേൽ ആവശ്യമായ സമ്പർക്കങ്ങൾ അനുവദിയ്ക്കേണ്ടതാണ്.
- ഏതെങ്കിലും വനിതാ കരുതൽ തടങ്കൽക്കാരി അഥവാ വനിതാ ജയിൽപ്പുള്ളി താൻ ബലാല്ക്കാരം ചെയ്യപ്പെട്ടെന്നോ ലൈംഗികമായി പീഡിപ്പിക്കപ്പെട്ടെന്നോ പരാതിപ്പെട്ടാൽ ഉടൻതന്നെ അവരെ ഒരു വൈദ്യപരിശോധനയ്ക്ക് വിധേയമാക്കേണ്ടതാണ്.
- സാധിക്കുമെങ്കിൽ, വനിതാ ഡോക്ടർതന്നെയാണ് ഈ പരിശോധന നിർവ്വഹിക്കേണ്ടത്. അങ്ങേയറ്റം, ഒരു വനിതയുടെ സാന്നിദ്ധ്യത്തിലെങ്കിലുമായിരിക്കണം ഈ പരിശോധന നടത്താൻ.
- ബലാൽക്കാരത്തിനും, ലൈംഗികാതിക്രമങ്ങൾക്കും മറ്റ് പീഡനങ്ങൾക്കും ദുസ്സഹമായ പെരുമാറ്റങ്ങൾക്കും വിധേയരായവർക്ക് തക്ക പരിഹാരങ്ങൾ നൽകേണ്ടതാണ്. നഷ്ടപരിഹാരവും ആവശ്യമായ വൈദ്യശുശ്രൂഷയും ഉൾപ്പെടെ.
- ഒറ്റയ്ക്ക് അടച്ചിടുന്ന കരുതൽ തടങ്കൽ സമ്പ്രദായം നിർത്തലാക്കേണ്ടതാണ്. കസ്റ്റഡിയിലെടുത്ത ഉടൻതന്നെ എല്ലാ ജയിൽപ്പുള്ളികളെയും ഏതെങ്കിലും സ്വതന്ത്ര നീതിന്യായ അധികൃതർക്കു മുന്നിൽ ഹാജരാക്കേണ്ടതാണ്. ബന്ധുക്കളേയും വക്കീലിനേയും ഡോക്ടർമാരെയും യാതൊരു വിളംബവും കൂടാതെ അപ്പോൾത്തന്നെയും പിന്നീടും സമ്പർക്കം പുലർത്താനുള്ള സന്ദർഭമുണ്ടാകണം.
- ജയിൽപ്പുള്ളികളെ ഔദ്യോഗികമായി പ്രഖ്യാപിച്ചിട്ടുള്ള സ്ഥലങ്ങളിൽ മാത്രമേ പിടിച്ചു വയ്ക്കാൻ പാടുള്ളൂവെന്നും അവരുടെ അറസ്റ്റിനെക്കുറിച്ചും അവരിപ്പോൾ എവിടെയാണ് എന്നതിനെക്കുറിച്ചും ബന്ധുക്കൾക്കും വക്കീലന്മാർക്കും കോടതികൾക്കും കൃത്യമായ വിവരങ്ങൾ നൽകുന്നുവെന്നും ഭരണകൂടം ഉറപ്പുവരുത്തേണ്ടതാണ്. ബന്ധുക്കൾക്കും വക്കീലന്മാർക്കും കോടതികൾക്കും ജയിപ്പുള്ളി എവിടെയാണെന്നും ഏത് അധികൃതരുടെ കീഴിലാണെന്നും മനസ്സിലാക്കാനും ജയിൽപ്പുള്ളിയുടെ സുരക്ഷ ഉറപ്പുവരുത്താനുമുള്ള ഫലപ്രദമായ നീതിന്യായ പരിഹാരങ്ങൾ പ്രദാനം ചെയ്യേണ്ടതാണ്.
- എല്ലാ ജയിൽപ്പുള്ളികളേയും അവരുടെ അവകാശങ്ങളെപ്പറ്റി ഉടൻതന്നെ അറിയിക്കേണ്ടതുണ്ട്. അവയുടെ പരിപാലനം സംബന്ധിച്ച പരാതികൾ അറിയിക്കുന്നതിനുള്ള അവകാശവും കരുതൽ തടങ്കലിന്റെ നിയമസാധുത സംബന്ധിച്ച വിധിന്യായം കാലതാമസം കൂടാതെ ലഭിക്കുന്നതിനുള്ള അവകാശവും ഇതിൽപ്പെടും. ജഡ്ജിമാർ പീഡനത്തിന്റെ തെളിവുകളെക്കുറിച്ച് അന്വേഷിക്കുകയും കരുതൽ തടങ്കൽ അന്യായമെങ്കിൽ ഉടൻ അവരെ ജയിൽവിമുക്തമാക്കുകയും വേണം. ചോദ്യം ചെയ്യൽ വേളയിൽ ഒരു വക്കീൽ ഹാജരുണ്ടായിരിക്കണം. കരുതൽ തടങ്കൽ, ജയിൽപ്പുള്ളികളുടെ പരിപാലനം സംബന്ധിച്ച സ്ത്രീകളുടെ പ്രത്യേകാവശ്യങ്ങളെ കണക്കിലെടുത്തുകൊണ്ടുള്ളവയായിരിക്കണമെന്നു ഗവൺമെന്റ് പ്രത്യേകം ഉറപ്പുവരുത്തേണ്ടതാണ്. കരുതൽ തടങ്കലിന് മേൽനോട്ടം വഹിക്കുന്ന അധികൃതർ ചോദ്യം ചെയ്യലിന് നിയുക്തമായവർ തന്നെയായിരിക്കരുത്. ഇടയ്ക്കിടെ സ്വതന്ത്രമായി,

മുൻകൂട്ടി അറിയിക്കാതെയുള്ള ഒരു വെട്ടിച്ചുരുക്കാത്ത പരിശോധനാസന്ദർശനങ്ങൾ എല്ലാ കരുതൽ തടങ്കൽ കേന്ദ്രങ്ങളിലും ആവശ്യമാണ്.

- പീഡിപ്പിക്കുന്നത് വഴി ലഭിച്ച പ്രസ്താവനകളും മറ്റ് തെളിവുകളും യാതൊരു നീതി നടത്തിപ്പ് പ്രക്രിയകളിലും ഉൾചേരരുതെന്ന് ഗവൺമെന്റ് നിഷ്ക്കർഷിക്കേണ്ടതാണ്. പീഡനത്തിന് കാരണക്കാരായി പറയപ്പെടുന്ന ആളെ സംബന്ധിച്ച നീതി നടത്തിപ്പ് പ്രക്രിയയിലൊഴികെ.

### 7. സായുധ ഏറ്റുമുട്ടലുകളിൽ സ്ത്രീയ്ക്കു നേരെയുള്ള അക്രമങ്ങളുടെ നിരോധനം

- എല്ലാ കരസേന സൈനികർക്കും സമാധാന സംരക്ഷണത്തിനും മനുഷ്യസഹായത്തിനുമായുള്ള ഐക്യരാഷ്ട്രസഭയുടെ സേനകളിൽ പ്രവർത്തിക്കുന്നവർക്കും ലിംഗപരത അടിസ്ഥാനപ്പെടുത്തിയിട്ടുള്ള മനുഷ്യാവകാശങ്ങളെക്കുറിച്ചുള്ള പരിശീലനം എല്ലാ ഭരണകൂടങ്ങളും നൽകേണ്ടതാണ്. സായുധ ഏറ്റുമുട്ടലുകളിൽ സ്ത്രീ പീഡനത്തെക്കുറിച്ചുള്ള പൊതു അവബോധത്തിനുവേണ്ടിയുള്ള പ്രചാരണ പരിപാടികൾ ഭരണകൂടം ഏറ്റെടുക്കേണ്ടതുണ്ട്. പ്രത്യേകിച്ചും അന്താരാഷ്ട്ര മനുഷ്യാവകാശ നിയമപ്രകാരവും മനുഷ്യത്വപരമായ നിയമപ്രകാരവും നിരോധിക്കപ്പെട്ടിട്ടുള്ള ലൈംഗിക പീഡനം ഉൾപ്പെടെയുള്ള സ്ത്രീകൾക്കെതിരെയുള്ള പീഡനങ്ങളിൽ ഊന്നിക്കൊണ്ടുള്ള പ്രചാരണം. അത്തരം പ്രവൃത്തികൾ മിക്കപ്പോഴും അക്രമമോ ക്രൂരവും മനുഷ്യത്വരഹിതവും അപമാനകരവുമായ പെരുമാറ്റമോ ഉൾക്കൊള്ളുന്നു. വംശഹത്യയുടെ ഘടകവും അതിലുണ്ട്.
- ഒരു ഏറ്റുമുട്ടലിൽ ഉൾപ്പെട്ട കക്ഷികൾ, സായുധ ശത്രുകക്ഷികളടക്കം, ഏതൊരു സാഹചര്യത്തിലും ബലാൽക്കാരവും മറ്റ് ലൈംഗികാതിക്രമങ്ങളുമടക്കമുള്ള സ്ത്രീകൾക്കും പെൺകുട്ടികൾക്കും നേരെയുള്ള പീഡനങ്ങൾ യാതൊരു സാഹചര്യത്തിലും സഹിഷ്ണുതയോടെ വീക്ഷിക്കപ്പെടില്ലെന്ന് വ്യക്തമായ കല്പനകൾ പുറപ്പെടുവിക്കേണ്ടതുണ്ട്.
- ദായ രാഷ്ട്രങ്ങളും, മനുഷ്യാവകാശ ഏജൻസികളും ദേശീയ ഗവൺമെന്റുകളും അക്രമത്തിനിരയാക്കപ്പെട്ട സ്ത്രീകൾക്കുവേണ്ടിയുള്ള ലിംഗപരമായ ശാക്തീകരണ പരിപാടികൾ ഏറ്റെടുത്തു നടത്തുകയും അവയെ സാമ്പത്തികമായി സഹായിക്കുകയും വേണം. ഇത്തരം മനുഷ്യത്വപരമായ സഹായങ്ങൾ ലിംഗപരതയുടെ അടിസ്ഥാനത്തിലാണെന്ന് ഉറപ്പുവരുത്തേണ്ടതും സ്ത്രീകളോട് വിവേചനം കാണിക്കുന്നതായിരിക്കരുതെന്നും അനുശാസിക്കുന്ന പെരുമാറ്റച്ചട്ടവും നയപരിപാടിയും അവ ഏറ്റെടുത്തു നടത്തുന്ന എല്ലാ ഏജൻസികളും സ്വീകരിക്കേണ്ടതാണ്. പ്രത്യേകിച്ചും അക്രമത്തിനിരയാക്കപ്പെട്ട സ്ത്രീകൾക്ക് ആരോഗ്യ ശുശ്രൂഷയ്ക്കും മനോസാന്ത്വനത്തിനും വേണ്ട സൗകര്യങ്ങൾ ഒരുക്കണം. ഇത്തരം സഹായക പരിപാടികളുടെ തയ്യാറെടുപ്പിലും നടപ്പാക്കലിലും സ്ത്രീകൾക്ക് പ്രമുഖ പ്രാതിനിധ്യം നൽകണം.
- 1949 ലെ ജനീവ കൺവെൻഷനിൽ കൂട്ടിച്ചേർക്കപ്പെട്ട പ്രോട്ടോക്കോൾ I, II എന്നിവയ്ക്ക് ഭരണകൂടങ്ങൾ ഉടൻ നിയമപ്രാബല്യം വരുത്തുക.
- അന്താരാഷ്ട്ര ക്രിമിനൽ കോടതിയുടെ റോം ഭരണഘടനാനിർദ്ദേശത്തിന് ഉടൻ ഭരണകൂടങ്ങൾ നിയമപ്രാബല്യം നൽകുക, മാത്രമല്ല, തങ്ങളുടെ ദേശീയ നിയമഘടന അന്താരാഷ്ട്ര ക്രിമിനൽ കോടതികളുടെ ആവശ്യകതകൾക്കൊപ്പം സ്വീകരിക്കുക.
- അന്തർദേശീയ നിയമാധികാര തത്വങ്ങൾ ഭരണകൂടങ്ങൾ നടപ്പിലാക്കുക. ഇതുപ്രകാരം ഏതൊരു ഭരണകൂടത്തിനും പീഡനത്തിനും മനുഷ്യർക്കെതിരെയുള്ള കുറ്റകൃത്യങ്ങൾക്കും യുദ്ധക്കുറ്റങ്ങൾക്കും വംശഹത്യയ്ക്കും ഉത്തരവാദികളെന്നു കരുതുന്നവരെ നിയമത്തിനുമുന്നിൽ കൊണ്ടുവരാൻ കഴിയും. കുറ്റകൃത്യങ്ങൾ ചെയ്തവരുടേയും അതിന്റെ ഇരകളാക്കപ്പെട്ടവരുടേയും പൗരത്വം എന്തുതന്നെയായിരുന്നാലും ഈ കുറ്റകൃത്യങ്ങളിൽ ഉൾപ്പെട്ടിട്ടുള്ളവരെ തിരിച്ചറിയുന്നതിലും അറസ്റ്റു ചെയ്യുന്നതിനും അതാത് രാജ്യങ്ങൾക്ക് ഏല്പിച്ചുകൊടുക്കുന്നതിലും ശിക്ഷിക്കുന്നതിലും സഹകരിക്കാനുള്ള ബാധ്യത എല്ലാ ഭരണകൂടങ്ങൾക്കുമുണ്ട്.
- അഭയാർത്ഥികളെ തിരിച്ചറിയുന്ന നടപടിക്രമങ്ങളിലും അവരുടെ സംരക്ഷണയിലും ലിംഗപരതയിൽ ഊന്നുന്ന ഒരു സമീപനം ഭരണകൂടങ്ങൾ നടപ്പിലാക്കേണ്ടതുണ്ട്. സ്വന്തം ഭരണകൂടം അപമാനങ്ങളിൽനിന്ന് രക്ഷിക്കാതിരിക്കുകയോ രക്ഷിക്കാൻ ഭരണകൂടത്തിന് കെല്പില്ലാതിരിക്കുകയോ ചെയ്താൽ അവർക്ക് അന്താരാഷ്ട്ര സംരക്ഷണം കൊടുക്കേണ്ടതാണ്. സായുധ സംഘടനകളും സ്വകാര്യവ്യക്തികളും നടത്തുന്ന അപമാനങ്ങളും ഇതിൽപ്പെടും.

### 8. മനുഷ്യാവകാശത്തിനെ പ്രതിരോധിക്കുന്നവർ

- സ്ത്രൈണാവകാശങ്ങളിലും അക്രമങ്ങളെ ചെറുക്കുന്നതിലും അവബോധം ഉണർത്തുന്നതിൽ മനുഷ്യാവകാശ പ്രവർത്തകരുടേയും വക്കീലന്മാരുടേയും സ്ത്രൈണാവകാശ സംഘടനകളുടേയും വിലപ്പെട്ട സംഭാവനകളെ ഭരണകൂടം തിരിച്ചറിയേണ്ടതുണ്ട്.
- മനുഷ്യാവകാശ പ്രതിരോധ പ്രവർത്തകർക്കും ഗ്രൂപ്പുകൾക്കും തടസ്സങ്ങൾമൂലമോ അവരേയും അവരുടെ കുടുംബത്തേയും ചൊല്ലിയുള്ള ഭയം മൂലമോ, തങ്ങളുടെ നിയമപരമായ പ്രവർത്തനം തുടർന്നുകൊണ്ടു പോകുന്നതിന് ഉറപ്പുനൽകേണ്ടതാണ്. സ്ത്രീകൾക്കുവേണ്ടി പൊതു ഉടമസ്ഥതയിലോ സ്വകാര്യഉടമസ്ഥതയിലോ പ്രവർത്തിക്കുന്ന അഭയകേന്ദ്രങ്ങൾക്കും ഭീഷണിയ്ക്കും ഭർത്സനങ്ങൾക്കും, വിധേയമായ മനുഷ്യാവകാശ പ്രതിരോധ പ്രവർത്തകർക്കും ഭരണകൂടം ആവശ്യമായ പോലീസ് സംരക്ഷണം നൽകേണ്ടതുണ്ട്. അത്തരം ഭീഷണികൾക്ക് ശിക്ഷനൽകുക എന്ന സമീപനത്തിൽ ഭരണകൂടം തുടരേണ്ടതുണ്ട്. ഗവൺമെന്റിന്റേയും ഗവൺമെന്റേതരവുമായ സേവനങ്ങളുടെ പ്രവർത്തനത്തിനാവശ്യമായ പണം ലഭ്യമാക്കേണ്ടതാണ്.
- ഐക്യരാഷ്ട്രസഭയുടെ ജനറൽ അസംബ്ലി 1998ൽ സ്വാംശീകരിച്ച സാർവ്വദേശീയമായി അംഗീകരിക്കപ്പെട്ട മനുഷ്യാവകാശങ്ങളെയും അടിസ്ഥാന സ്വാതന്ത്ര്യങ്ങളേയും ഉന്നയിപ്പിക്കുന്നതിനും സംരക്ഷിക്കുന്നതിനും വേണ്ടിയുള്ള വ്യക്തികളുടേയും ഗ്രൂപ്പുകളുടേയും സമൂഹത്തിലെ മറ്റ് ഘടകങ്ങളുടേയും അവകാശങ്ങളെയും ഉത്തരവാദിത്വങ്ങളേയും പറ്റിയുള്ള പ്രഖ്യാപനത്തിൽ ഉൾക്കൊള്ളുന്ന തത്വങ്ങൾ ഭരണകൂടം ഉറപ്പാക്കേണ്ടതുണ്ട്. അവയെ ദേശീയ നിയമത്തിലുൾപ്പെടുത്തേണ്ടതും പ്രായോഗികമായി നടപ്പിലാക്കേണ്ടതുമാണ്.

### 9. അന്തർഭരണകൂട സംഘടനകൾ

- പീഡനത്തിനെ ലക്ഷ്യം വച്ചുള്ളതും അതിനെതിരെ പൊരുതുന്നതിനുമായുള്ള ഐക്യരാഷ്ട്രസംഘടനകളുടെ നടപടിക്രമങ്ങളും സംവിധാനങ്ങളും പ്രത്യേകിച്ച് പീഡനത്തിനെതിരെയുള്ള കമ്മറ്റി; സ്ത്രീകൾക്കു

Reg. No.3551/93/L Dis　　Reg. No. KL/CR/TCR/347/2003-2005

ജനനീതി

പത്രാധിപസമിതി ◆ കെ.ജി.ശങ്കരപ്പിള്ള ◆ സി.പി. ഗംഗാധരൻ ◆ എം.പി. രാജു ◆ സി.ആർ. നീലകണ്ഠൻനമ്പൂതിരി ◆ പി.എസ്. മനോജ് കുമാർ ◆ പി.എൻ.ഗോപീകൃഷ്ണൻ ◆ എൻ.എൻ. ഗോകുൽദാസ് ◆ ഫ്രാൻസീസ് സേവ്യർ ◆ ടോമി മാത്യു ◆ ജാസ്മിൻ ജോസഫ് ◆ മിനി രാജു ◆ ജോർജ്ജ് പുലികുത്തിയിൽ

# ബോധവൽക്കരണങ്ങൾക്ക് മുൻപ്

**നവീന ചന്ദ്രൻ**

ഡെങ്കിപ്പനി എലിപ്പനി എന്നിവക്കെതിരെയുള്ള പ്രതിരോധ നടപടികളും പരിസര ശുചിത്വബോധവൽക്കരണപരിപാടികളും നാടെങ്ങും ആഘോഷപൂർവ്വം നടന്നുവരികയാണല്ലൊ. തൃശ്ശൂർ കളക്ടറേറ്റിനകത്തെ മൂന്ന് നടുമുറ്റങ്ങളിലായി കൊതുകുകളേയും എലികളേയും വൻതോതിൽ വളർത്തി മാതൃക കാട്ടിയാണ് ജില്ലയുടെ ഭരണാസിരാകേന്ദ്രത്തിലെ ഉദ്യോഗസ്ഥർ ബോധവൽക്കരണ പരിപാടിക്ക് തുടക്കം കുറിച്ചത്.

കാടുപിടിച്ചുകിടക്കുന്ന ഈ നടുമുറ്റങ്ങളിൽ ജീവനക്കാർ പാർട്ടി നടത്തിയും അല്ലാതെയും വലിച്ചെറിയുന്ന പ്ലാസ്റ്റിക് ഗ്ലാസ്സ്, പ്ലെയ്റ്റ് പ്ലാസ്റ്റിക് കുപ്പികൾ എന്നിവ നിറഞ്ഞുകിടക്കുകയാണ്. മലർന്ന് കിടക്കുന്ന പ്ലാസ്റ്റിക് ഗ്ലാസ്സുകളിലൊക്കെ വെള്ളം കെട്ടികിടന്ന് അതിൽ കൊതുകുകൾ സകുടുംബം പെറ്റുപെരുകി താമസിക്കുന്നു. ഭക്ഷണാവശിഷ്ടങ്ങളും കാടുകളും മാളങ്ങളുമാവശ്യത്തിൽ കൂടുതലുള്ളതിനാൽ എല്ലാ ജാതി എലിളും സ്ഥിതി സമത്വത്തോടെ ഇവിടെ കഴിയുന്നു.പ്രശ്നപരിഹാരങ്ങൾക്കായി ചെല്ലുന്ന പൊതുജനത്തിനുവേണ്ടി മുഴുവൻ സമയവും ജാഗ്രതയോടെ ജോലിചെയ്യുന്നതു മൂലമുണ്ടായ സമയകുറവാകാം. ഇവിടെ വൃത്തിയായി സൂക്ഷിക്കാൻ കഴിയാതെ വന്നതെന്ന് കരുതി നമുക്ക് സമാധാനിക്കാം.

ഇക്കാര്യത്തിലാണ് അന്തിക്കാട്ടെ കുറച്ച് ചെറുപ്പക്കാർ കേരളത്തിനുതന്നെ മാതൃകയാവുന്നത്. ഗവൺമെന്റു പ്രഖ്യാപിച്ച് വൻ പരസ്യസന്നാഹത്തോടെ വൻതുക ചിലവഴിച്ചു നടത്തിയ പരിസര ശുചീകരണ ബോധവൽക്കരണ പരിപാടിക്കുമുൻപ് 2003 ജൂലൈ 7 മുതൽ മൈത്രി വിംഗ് അന്തിക്കാട് എന്ന ചെറുസന്നദ്ധ സംഘടന ജനനീതിയുമായി സഹകരിച്ച് രണ്ടുമാസം നീണ്ടുനിൽക്കുന്ന കൊതുകു നിർമ്മാർജ്ജന യജ്ഞം തുടങ്ങിയത്. വിവിധ ജോലികൾ ചെയ്യുന്ന കുറച്ചു ചെറുപ്പക്കാരും കുടുംബിനികളും ചേർന്ന് ഒഴിവുസമയങ്ങൾ മുഴുവനും അന്തിക്കാട് പഞ്ചായത്തിലെ അഞ്ചാം വാർഡിലെ എല്ലാ വീടുകളും പറമ്പുകളും പാടങ്ങളും കയറിയിറങ്ങി പരിശോധിച്ച് കൊതുകുവളരാനുള്ള സാഹചര്യങ്ങൾ നിർവ്വീര്യമാക്കുകയും കിണറുകളിലെല്ലാം ബ്ലീച്ചിങ്ങ് പൗഡർ കലക്കി ഒഴിച്ച് ശുദ്ധീകരിക്കുകയും ചെയ്യുന്ന പ്രവർത്തനം ഇപ്പോഴും തുടരുകയാണ്. ആഗസ്റ്റ് 31 നകം ലക്ഷ്യം കണ്ടെത്താനാവുമെന്ന പ്രതീക്ഷയിലാണ് ഇവർ.

ഇത്തരത്തിലുള്ള മനോഗതിയൊന്നും ഉണ്ടായില്ലെങ്കിലും നമ്മുടെ വീട് നാം ശുചിയാക്കി വെക്കുന്നതുപോലെ നമ്മുടെ ജോലിസ്ഥലവും പൊതുസ്ഥലങ്ങളും വൃത്തിയായി സംരക്ഷിക്കാൻ നാം സമയം കണ്ടെത്തുകതന്നെവേണം. ആവശ്യമില്ലാത്തതൊക്കെ എവിടേക്കെങ്കിലും വലിച്ചെറിയുന്ന രീതി ഉപേക്ഷിക്കാത്തിടത്തോളം കാലം മറ്റുപല പേരുകളിലുള്ള പകർച്ച വ്യാധികളാകും നമുക്കു ചുറ്റും കരാള നൃത്തം ചവിട്ടുക. ■

## ജനനീതി പ്രസിദ്ധീകരണങ്ങൾ

### എല്ലാ അവകാശങ്ങളും എല്ലാവർക്കും

എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള
വിവർത്തനം
സി. പി. ഗംഗാധരൻ
കെ.ടി. തോമസ്

### മനുഷ്യാവകാശങ്ങൾ

എഡിറ്റർ
എൻ. ആർ. മാധവമേനോൻ
വിവർത്തനം
സി. പി. ഗംഗാധരൻ

### ക്രൈം & ജസ്റ്റീസ്

എഡിറ്റർ
ബാസിൽ ഫർണാണ്ടോ

### നിയമപ്രകാരം

എഡിറ്റർ
കെ. ജി. ശങ്കരപ്പിള്ള

നേരെ നടത്തുന്ന അതിക്രമങ്ങളെ നേരിടേണ്ടതുണ്ട്. സ്ത്രീയ്ക്കു നേരെയുള്ള അക്രമം എന്നതിന് സ്വകാര്യവ്യക്തികളിൽ നിന്നുള്ള അതിക്രമങ്ങളും ഉൾപ്പെടും.

- പീഡനം എന്ന പ്രശ്നത്തെ കൈകാര്യം ചെയ്യുന്ന അന്തർ ഭരണകൂട സംഘടനകൾ അവരുടെ പ്രവർത്തനത്തിന് ലിംഗപരതയിൽ ഊന്നുന്നതിൽ പ്രാമുഖ്യം നൽകേണ്ടതാണ്. ഇത്തരം സംഘടനകളിൽ പങ്കെടുക്കുന്ന വിദഗ്ധരിൽ ഭൂരിഭാഗവും സ്ത്രീകൾ തന്നെയായിരിക്കണം. അത്തരം പ്രവർത്തനങ്ങളിൽ ഏർപ്പെടുന്ന എല്ലാവർക്കും ലിംഗപരമായ ഊന്നലിന്റെ പ്രാമുഖ്യത്തെക്കുറിച്ച് പരിശീലനം സിദ്ധിച്ചിരിക്കേണ്ടതാണ്. പീഡനത്തിനെതിരെ പോരാടുന്ന ഐക്യരാഷ്ട്രസഭയുടെ എല്ലാ വിഭാഗങ്ങളും അന്തർഗവൺമെന്റ് സംഘടനകളും ഒരു സമഗ്ര വിശകലനത്തിലേയ്ക്ക് സമന്വയിക്കുംവിധം അവരുടെ പ്രവർത്തന സമ്പ്രദായങ്ങളെ പരിഷ്ക്കരിക്കേണ്ടതുണ്ട്.
- പീഡനം എന്ന പ്രശ്നത്തിൽ പ്രവർത്തിക്കുന്ന ഐക്യരാഷ്ട്രസഭയുടെ സംഘടനകളും അന്തർഗവൺമെന്റ് സംഘടനകളും മുൻനയിക്കുന്നതിനും റിപ്പോർട്ടു ചെയ്യുന്നതിനുമായി ലിംഗപരതയിൽ ഊന്നുന്ന പ്രത്യേക വിവരങ്ങൾ സ്വാംശീകരിക്കുകയും ശേഖരിക്കുകയും ഉപയോഗിക്കുകയും ചെയ്യേണ്ടതാണ്. ലിംഗപരമായ വിശകലനരീതിയാണ് അവർ ഉപയോഗിക്കേണ്ടത്.

[ആംനെസ്റ്റി ഇന്റർനാഷണൽ പുറത്തിറക്കിയ തകർന്ന ശരീരങ്ങൾ, ചിതറിയ മനസ്സുകൾ (Broken Bodies, Shattered Minds) എന്ന റിപ്പോർട്ടിൽ നിന്ന്]

**ചിത്രങ്ങൾ : സി. എഫ്. ജോൺ**
**വി.വി. ഗണേഷ്**

**പ്രതിസന്ധികൾ വിനാശത്തിലേക്ക് വിളിക്കുമ്പോൾ**
**ഏകാന്തത പ്രത്യാശ കെടുത്തികളയുമ്പോൾ**
**വിഷാദം മനസ്സ് നരകമാക്കുമ്പോൾ**

വിളിക്കുക
എഴുതുക
സന്ദർശിക്കുക

**മൈത്രി**
എന്നും നിങ്ങളോടൊപ്പം

**ജനനീതി ബിൽഡിംഗ്സ്,**
**ടി. ബി. റോഡ്,**
**ശക്തൻ തമ്പുരാൻ ബസ് സ്റ്റാൻഡിനു സമീപം,**
**തൃശ്ശൂർ – 680 001.**
**ഫോൺ : 2444472**

പ്രവർത്തനസമയം : എന്നും ഉച്ചയ്ക്ക് 12 മണിമുതൽ രാത്രി 8 മണി വരെ. ശനി, ഞായർ രാവിലെ 8 മണി മുതൽ രാത്രി 8 മണിവരെ.

മൈത്രിക്ക് അവധി ദിവസങ്ങളില്ല

മൈത്രിയുടെ സേവനം തികച്ചും സ്വകാര്യം, സൗജന്യം

Printed and published by : **Adv. Bijo Francis for *Niyama Samskara Kendram*, Jananeethi**, T.B.Road, Mission Quarters, Thrissur - 1. Tel :-487 2444473,Fax:-487- 2444474
E-mail : jananeethi@zyberway.com/gpneethi@sancharnet.in www.jananeethi.org/www.jananeethibulletin.org Printing : **St.Mary's Orphanage Offset Press**, Thrissur. Ph : 2446709